(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽനിന്നും ആവശ്യമായ റിപ്പോർട്ട് ലഭിച്ചിട്ടും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) പ്രസ്തുത ശ്രുപാർശ ധനകാര്യ വകുപ്പിൽ ലഭിച്ചതനുസരിച്ച് ആയത് പരിശോധിക്കുകയും ടി പ്രോജക്ടിന്റെ ഭാഗമായി അധിക നിയമനങ്ങൾ, നിലവിലുള്ള ജീവനക്കാരുടെ പുനർവിന്യാസം എന്നിവ സംബന്ധിച്ച് വ്യക്തത നൽകുവാൻ ആരോഗ്യ വകുപ്പിനോടാവശ്യപ്പെട്ടുകയുണ്ടായി. ടി വകുപ്പിൽ നിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതി നൽകുന്ന കാര്യം പരിശോധിക്കുകയും ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നിർദ്ദേശം ബന്ധപ്പെട്ട ഭരണവകുപ്പിന് നൽകുന്നതുമാണ്.

സർക്കാർ മേഖലയിലെ പുതിയ പെൻഷൻ സ്കീം

82 (1907) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം എത്ര ; മൊത്തം സർക്കാർ ജീവനക്കാരുടെ എത്ര ശതമാനമാണിതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവനക്കാരന്റെ വിഹിതവും സർക്കാരിന്റെ വിഹിതവും ചേർത്ത് പെൻഷൻ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭിക്കുമോ ; വിശദാംശം നൽകുമോ ;

(സി) സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്ന ജീവനക്കാർക്ക് ലഭിക്കുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാരന് നഷ്ടമാകുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽപദ്ധതി പ്രകാരം പെൻഷൻ വാങ്ങുന്ന ജീവനക്കാരൻ മരണപ്പെട്ടന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭിക്കുമോ ; ലഭിക്കുമെങ്കിൽ എത്ര ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരന് ലഭിക്കുന്ന മിനിമം പെൻഷനും മാക്സിമം പെൻഷനും എത്രയാണ് ;

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ,സർക്കുലറുകൾ,അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ; പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) ദേശീയ പെൻഷൻ പദ്ധതിയിൽ നിലവിൽ അംഗങ്ങളായിട്ടുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 26621 ആണ്.

മൊത്തം സർക്കാർ ജീവനക്കാരുടെ 5.21 ശതമാനം ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

(ബി) ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും തുകയുടെ 10% പെൻഷൻ വിഹിതമായി കുറവ് ചെയ്ത് തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം പി.എഫ്.ആർ.ഡി.എ.-യുടെ വ്യവസ്ഥകൾക്കനുസരിച്ച് എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ പെൻഷൻ ഫണ്ട് മാനേജർമാർ മുഖേന 14-8-2008 തീയതിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എഫ്. നമ്പർ 5(88)/2006/പി.ആർ എന്ന നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങളിൽ നിക്ഷേപിക്കുകയും അതിൽനിന്നുള്ള ഇൻവെസ്റ്റ്മെന്റ് റിട്ടേണിന്റെ അടിസ്ഥാനത്തിൽ പി.എഫ്.ആർ.ഡി.എ. വ്യവസ്ഥകൾക്കനുസരിച്ച് പെൻഷൻ വിതരണം നടത്തുകയുമാണ് ചെയ്യുന്നത്.

(സി) KSR Part III. പ്രകാരമുള്ള ആനുകൂല്യങ്ങളൊന്നുംതന്നെ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന ജീവനക്കാർക്ക് ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ദേശീയ പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് ഫാമിലി പെൻഷൻ ആനുകൂല്യം ലഭ്യമല്ല.

(ഇ) ദേശീയ പെൻഷൻ പദ്ധതിയിലേക്കുള്ള നിക്ഷേപത്തിന്റെ തോത് അനുസരിച്ചാണ് പെൻഷൻ തുക നിശ്ചയിക്കപ്പെടുന്നത്.

(എഫ്) പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.* ദേശീയ പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നകാര്യം പരിഗണനയിൽ ഇല്ല.

നികുതിയിളവ്

83 (1908) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം മേഖലകളിലാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നികുതിയിളവ് ഏതെല്ലാം ബഡ്ജറ്റുകളിലാണെന്നും ഏതെല്ലാം ഉത്തരവുകൾ പ്രകാരമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.ടി., ലക്ഷ്വറി ടാക്സ്, മോട്ടോർ വാഹന നികുതി, ലാൻഡ് റവന്യൂ, രജിസ്ട്രേഷൻ ഡ്യൂട്ടി എന്നിവയിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധമായി* ചേർക്കുന്നു. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബഡ്ജറ്റിൽ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും

84 (1909) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഓരോ വകുപ്പിനും പാസാക്കി നൽകിയ തുക എത്രയായിരുന്നു ; ഓരോ വകുപ്പും തനതു വർഷം ചെലവഴിച്ച തുകയും എത്രയായിരുന്നു ; ശതമാനകണക്കുൾപ്പെടെ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly